LIBRARY ARCHIVES Kerala Legislative Assembly

കോവിഡ്-19 പശ്ചാത്തലത്തിൽ സാക്ഷരതാമിഷൻ വിവിധ മേഖലകളിൽ നടപ്പാക്കിവരുന്ന തുല്യതാ പരിപാടികളായ പത്താംതരം, ഹയർ സെക്കൻഡറി പഠിതാക്കൾക്ക് സാക്ഷരതാമിഷൻ ഓൺലൈൻ വഴിയുള്ള പഠന സൗകര്യങ്ങൾ ഒരുക്കിനൽകിയിട്ടുണ്ട്. സർക്കാരിന്റെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് മിഷന്റെ പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്തതരത്തിൽ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുകയാണ്.

കിറ്റക്സ് കമ്പനികളിലെ പരിശോധന

244(854) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് കിറ്റക്സ് ഗ്രൂപ്പിന്റെ കമ്പനികളിൽ നടത്തിയ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കാമോ;

&

(ബി) പരിശോധനാ റിപ്പോർട്ടിന്റെ പ്രധാന കണ്ടെത്തലുകൾ വിശദമാക്കാമോ?

(എ&ബി) 1948-ലെ മിനിമം വേതന നിയമം, 1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം, 1936-ലെ പേമെന്റ് ഓഫ് വേജസ് നിയമം, 1970-ലെ കോൺട്രാക്ട് ലേബർ നിയമം, 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമം, 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് നിയമം, 1958-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ ഫെസ്റ്റിവൽ & ഹോളിഡേയ്സ്) നിയമം, 1996-ലെ ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട്, 1965-ലെ പേമെന്റ് ഓഫ് ബോണസ് ആക്ട് എന്നിവ പ്രകാരമുള്ള പരിശോധന നടത്തുകയും പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിന് 14-7-2021 വരെ സ്ഥാപനമുടമയ്ക്ക് സമയവും നൽകിയിരുന്നു. കമ്പനി നൽകിയിട്ടുള്ള താമസസ്ഥലത്ത് തൊഴിലാളികൾ മോശമായ സാഹചര്യത്തിൽ താമസിക്കുന്നുവെന്ന പരാതിയെ തുടർന്ന് പെരുമ്പാവൂർ ഫാക്ടറി ഇൻസ്പെക്ടർ 11-6-2021-ൽ കിറ്റക്സ് ഗാർമെന്റ്സ് ലിമിറ്റഡ് (Processing Division) എന്ന ഫാക്ടറി പരിശോധിച്ചിരുന്നു. പ്രസ്തുത തൊഴിലാളികളുടെ താമസസ്ഥലം ഫാക്ടറിയുടെ premises–ൽ അല്ലാത്തതിനാൽ 1948-ലെ ഫാക്ടറി നിയമപ്രകാരം നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ നടപടികൾ സ്വീകരിച്ചിട്ടില്ല. കിറ്റക്സ് ഗ്രൂപ്പിന്റെ വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ വകുപ്പ് നടത്തിയ പരിശോധനയിന്മേൽ കണ്ടെത്തിയ ന്യൂനതകൾ, അതിന്റെ അടിസ്ഥാനത്തിൽ നൽകിയ മൂന്ന് ഇൻസ്പെക്ഷൻ ഓർഡറുകൾ എന്നിവയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly

(സി) പരിശോധനാ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പരിശോധനാ വേളയിൽ വിവിധ തൊഴിൽ നിയമപ്രകാരമുള്ള രജിസ്റ്ററുകളും റിക്കാർഡുകളും ഹാജരാക്കാൻ കീറ്റക്സ് സ്ഥാപനത്തിലെ എച്ച്.ആർ. വിഭാഗത്തോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സെക്ഷനിൽ ജീവനക്കാർ കുറവായിരുന്നതിനാൽ താമസിയാതെ ലേബർ ഓഫീസിൽ ഹാജരാക്കാമെന്ന് എച്ച്.ആർ. വിഭാഗം ജീവനക്കാരൻ പരിശോധനാവേളയിൽ അറിയിച്ചു. തുടർന്ന് 28-6-2021-ൽ പെരുമ്പാവൂർ അസിസ്റ്റന്റ് ലേബർ ഓഫീസർ 76/2020, 77/2020, 78/2020 എന്നീ നമ്പരുകളായി ഇൻസ്പെക്ഷൻ ഓർഡർ സ്ഥാപനയുടമയ്ക്ക് നൽകുകയുണ്ടായി. അതോടൊപ്പം സ്ഥാപനയുടമ ഹാജരാക്കിയ വേതന രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ 30-6-2021-ൽ വേതന കുടിശ്ശികയും ക്ലെയിം സ്റ്റേറ്റ്മെന്റും തയ്യാറാക്കി നൽകിയിരുന്നു. കൂടാതെ പരിശോധനാ ഉത്തരവ് പ്രകാരം രേഖകൾ ഹാജരാക്കുന്നതിനായി 14-7-2021 രാവിലെ 11 മണി വരെ സമയം അനുവദിച്ച് 76/2020, 77/2020, 78/2020 എന്നീ നമ്പരുകളായി ഇൻസ്പെക്ഷൻ ഓർഡർപ്രകാരം സ്ഥാപനയുടമയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. ഗാർമെന്റ് മേഖലയിലെ മിനിമം വേതന ഉത്തരവ് നടപ്പാക്കാത്തത് സംബന്ധിച്ച് കീറ്റക്സ് ഗാർമെന്റ്സ് ലിമിറ്റഡ് കമ്പനിക്ക് 30-6-2021-ൽ പെരുമ്പാവൂർ അസിസ്റ്റന്റ് ലേബർ ഓഫീസർ നോട്ടീസ് നൽകിയതിനെത്തുടർന്ന് തൊഴിൽവകുപ്പ് സെക്രട്ടറി, പെരുമ്പാവൂർ അസിസ്റ്റന്റ് ലേബർ ഓഫീസർ എന്നിവരെ കക്ഷികളാക്കി അഡ്വക്കേറ്റ് ബ്ലെയ്സ് കെ. ജോസ് മുഖാന്തരം സ്ഥാപന ഉടമ 1-7-2021 തീയതിയായി വക്കീൽ നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ 30-6-2021-ൽ സ്ഥാപനത്തിന് നൽകിയ ക്ലെയിം നോട്ടീസ് പിൻവലിക്കാൻ 7-7-2021-ലെ LBRD-E1/68/2021-LBRD നമ്പർ കത്ത് പ്രകാരം ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം അഡ്വക്കേറ്റ് ജനറലുമായി ചർച്ച ചെയ്തതായും മിനിമം വേതന ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ അനുവദിച്ച സാഹചര്യത്തിൽ അന്തിമവിധിക്ക് വിധേയമായി മാത്രമേ തുടർനടപടി സ്വീകരിക്കുകയുള്ളുവെന്ന വിവരം നൽകിയാൽ മതിയാകുമെന്ന ഉപദേശത്തിൻപ്രകാരം ടി വിവരം ബന്ധപ്പെട്ട കക്ഷിയെ അറിയിച്ചിട്ടുള്ളതായും 12-7-2021-ൽ ജില്ലാ ലേബർ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

തൊഴിൽമേഖലകളിൽ മിനിമം വേതനം

245(855) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമം വേതന നിയമത്തിന്റെ പട്ടികയിലുൾപ്പെട്ടിട്ടുള്ള തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ;